# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം-9.

നമ്പർ: ഇ3/4060/2024/എബിറ്റിറ്റി/3348 തീയതി : 02.12.2024

**ക്വട്ടേഷൻ പരസ്യം**

വിഷയം: ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് – 2025 പൊങ്കാല മഹോത്സവം – കുത്തിയോട്ട കുട്ടികളെ അണിയിക്കുന്നതിനുള്ള പുഷ്പങ്ങൾ നൽകുന്നതിനുള്ള ക്വട്ടേഷൻ സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2025-ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തിനോടനുബന്ധിച്ച് 13.03.2025ൽ ദേവിയുടെ പുറത്തെഴുന്നെള്ളിപ്പിന് അകമ്പടി സേവിക്കുന്ന കുത്തിയോട്ട കുട്ടികളെ അണിയിക്കുന്നതിനാവശ്യമായ താഴെവിവരിക്കുന്ന പുഷ്പങ്ങൾ നൽകുന്നതിന് ഇതുമായി ബന്ധമുള്ളവരും പരിചയമുള്ളവരുമായ കരാറുകാരിൽ നിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

## പുഷ്പങ്ങളുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | 5 കിളികളോടുകൂടി കുത്തിയോട്ട ജണ്ട് | 1 എണ്ണം | |
| 2 | റോസ് ഹാരം | 1 എണ്ണം | |
| 3 | വനമാല | 1 എണ്ണം | |
| 4 | പിച്ചിഹാരം | 1 എണ്ണം | പിച്ചിഹാരം ചൂരൽ കുത്തുന്ന സമയത്ത് ക്ഷേത്ര നടയിൽ നൽകേണ്ടതാണ്. ജമന്തി ഹാരം മണക്കാട് ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിൽ നിന്നും കുട്ടികൾ ക്ഷേത്രത്തിലേയ്ക്കു തിരിക്കുന്ന സമയത്ത് അണിയിച്ചു കൊടുക്കേണ്ടതാണ്. |
| 5 | ജമന്തിഹാരം | 1 എണ്ണം | |
| 6 | മാറാപ്പുമാല | 2 എണ്ണം | |
| 7 | കൈയ്യിലും കാലിലും കെട്ടുവാനുള്ള മുടിവ് | 6 എണ്ണം | |

**<u>നിബന്ധനകൾ</u>**

1 മുകളിൽ പറഞ്ഞിരിക്കുന്ന പുഷ്പങ്ങൾ ഒരു കുട്ടിക്ക് നൽകുന്നതിനു വേണ്ടി വരുന്ന ഏറ്റവും കുറഞ്ഞ തുക അക്ഷരത്തിലും അക്കത്തിലും രേഖപ്പെടുത്തേണ്ടതാണ്.

2 നേർച്ച കുത്തിയോട്ടകുട്ടികളുടെ എണ്ണം കൃത്യമായി 07.03.2025 വെള്ളിയാഴ്ച വൈകുന്നേരം അറിയിക്കുന്നതും അത്രയും പേർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പുഷ്പങ്ങൾ നൽകേണ്ടതുമാണ്.

3 **13.03.2025 വ്യാഴാഴ്ച** വൈകുന്നേരം 4.00 മണിയോടുകൂടി ചമയിച്ച കുട്ടികളെ ക്രമനമ്പർ അനുസരിച്ച് പുഷ്പങ്ങൾ അണിയിക്കുന്നതിനു ഏൽപ്പിക്കുന്നതും ക്രമം തെറ്റാതെ പുഷ്പങ്ങൾ യഥാസമയം തന്നെ അണിയിച്ച് ഘോഷയാത്രയിൽ പങ്കുകൊള്ളിക്കുവാൻ സജ്ജമാക്കേണ്ടതുമാണ്.

4 ആയതിനു ആവശ്യമുള്ളത്ര പുഷ്പങ്ങൾ കാലേക്കൂട്ടി തന്നെ ക്ഷേത്രത്തിൽ ഹാജരാക്കേണ്ടതും ആവശ്യമുള്ള ജോലിക്കാരെ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടു വരേണ്ടതുമാണ്.

(...2..)

5 "പുഴുക്കൾ" കാണാൻ സാദ്ധ്യതയുള്ള (കദംബം) പുഷ്പങ്ങൾ യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടുള്ളതല്ല. മാത്രമല്ല പുഷ്പങ്ങൾ വാടാത്തവയും, നല്ല നിലവാരമുള്ളവയും ഭംഗിയുള്ളവയുമായിരിക്കണം.

6 ക്വട്ടേഷൻ അംഗീകരിക്കുന്ന പക്ഷം സാമ്പിളുകൾ കമ്മിറ്റി മുമ്പാകെ പ്രദർശിപ്പിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

7 **ക്വട്ടേഷനുകൾ 09.12.2024 തിങ്കളാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിക്കേണ്ടതും അന്നേദിവസം വൈകുന്നേരം 4.45 മണിക്ക്** സന്നിഹിത രായിരിക്കുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായ 5000 രൂപ ട്രസ്റ്റ് ഓഫീസിൽ അടച്ച രസീതോ, ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ടി തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റോ അടക്കം ചെയ്തിരിക്കണം. ക്വട്ടേഷൻ നൽകുന്ന കവറിന്റെ പുറത്ത് **"കുത്തിയോട്ട കുട്ടികൾക്ക് പുഷ്പങ്ങൾ നൽകുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

8 കുത്തിയോട്ട കമ്മിറ്റിയുടെയും, സ്റ്റിയറിംഗ് കമ്മിറ്റിയുടെയും പരിഗണനയ്ക്കുശേഷം അനുയോജ്യനായ കരാറുകാരനെ തിരഞ്ഞെടുക്കുന്നതും, രേഖാമൂലമായ അറിയിപ്പു ലഭിച്ചതിനുശേഷം ഇതു സംബന്ധിച്ച് ട്രസ്റ്റ് വ്യവസ്ഥകൾ അംഗീകരിക്കുന്നതായി 200 രൂപാ മുദ്രപ്പത്രത്തിൽ ടിയാൻ എഗ്രിമെന്റ് എഴുതി ഒപ്പിട്ട് നൽകേണ്ടതുമാണ്.

9 13.03.2025 വ്യാഴാഴ്ച വൈകുന്നേരം 4.00 മണി മുതൽ കുത്തിയോട്ട നേർച്ചയ്ക്കായി വന്നിട്ടുള്ള എല്ലാ കുട്ടികളെയും മുകളിൽ പറഞ്ഞിരിക്കുന്ന പുഷ്പങ്ങൾ അണിയിക്കേണ്ടതും ആയതിന് എന്തെങ്കിലും വീഴ്ചകൾ വരുത്തുന്നപക്ഷം ക്ഷേത്രട്രസ്റ്റിനുണ്ടാകുന്ന സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

10 ക്വട്ടേഷനുകൾ കാരണം പറയാതെ തന്നെ ഭാഗികമായോ, പൂർണ്ണമായോ നിരസിക്കുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

11 സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പാൻ കാർഡിന്റെ കോപ്പി നിർബന്ധമായും ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.

12 കൂടാതെ ക്വട്ടേഷനുകളെപ്പറ്റി ക്ഷേത്ര ട്രസ്റ്റിൽ നിലവിലുള്ള എല്ലാ നടപടി ക്രമങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

സെക്രട്ടറി

**നോട്ടീസ് ബോർഡ് : 1. ക്ഷേത്രം.**
**2. ഓഫീസ്**
**3. വെബ്സൈറ്റ്**

പകർപ്പ് : 1. പ്രസിഡന്റ്, എബിറ്റിറ്റി
2. ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം–2025
3 ജോയിന്റ് ജനറൽ കൺവീനർ, പാങ്കാല മഹോത്സവം–2025
4. കൺവീനർ, കുത്തിയോട്ട കമ്മിറ്റി, പൊങ്കാല മഹോത്സവം–2025.
5. ഫയൽ.

sr